LIBRARY ARCHIVES Kerala Legislative Assembly

നെല്ല് സംഭരണത്തിനുള്ള ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനെതിരെ അന്വേഷണം

113 [2730] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ സൊസൈറ്റികളുടെയും നെല്ലുൽപ്പാദക പാടശേഖര കമ്മിറ്റികളുടെയും മറവിൽ സ്വകാര്യ വ്യക്തികൾ നെല്ല് സംഭരണത്തിന് നൽകിവരുന്ന സബ്സിഡിയും മറ്റാനുകൂല്യങ്ങളും കൈപ്പറ്റുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം അഴിമതി തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം ഉപാധികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ചില സൊസൈറ്റികൾ കണക്കിൽ കൂടുതൽ കാണിച്ച് പണം നേടാൻ ശ്രമിച്ചതായി പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുത്തുവരുന്നു.

(ബി & സി) ചില സംഘങ്ങളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി അന്വേഷണം നടന്നുവരുന്നു.

വെള്ളായണിക്കായലിൽ കൃഷിക്ക് അനുമതി

114 [2731] ശ്രീ. ജി. കാർത്തികേയൻ:
,, കെ. മോഹൻകുമാർ:
,, വർക്കല കഹാർ:
,, സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളായണിക്കായലിൽ കൃഷി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത്?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ വെള്ളായണി പുഞ്ചപാടശേഖരത്തിൽപ്പെടുന്ന 320 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന്, പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 20.58 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 16-12-2004-ലെ ജി.ഒ.(ആർ‌ടി.) 1947/04/എഡി നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യാവകാശ കമ്മീഷന്റെ 4-1-2005-ലെ 36/05 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ താല്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

കാർഷികാവശ്യത്തിന് നൽകിവരുന്ന സൗജന്യ കാർഷിക വൈദ്യുതി

115 [2732] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യത്തിനായി കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ്ജ് ബോർഡിന് നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) സൗജന്യമായി മുൻകാലങ്ങളിൽ കർഷകർക്ക് വൈദ്യുതി നൽകിയ ഇനത്തിൽ വൈദ്യുതി ചാർജ്ജ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാത്തതിനാൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൻമൂലം കൃഷി നശിച്ച കർഷകരെ സഹായിക്കുവാൻ കൃഷിവകുപ്പ് എന്തെങ്കിലും ധനസഹായം നൽകുകയുണ്ടായോ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെ പരിധി നിശ്ചയിച്ചും വൈദ്യുതി സൗജന്യം നൽകിവരുന്നു.

സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ പേരും വിശദവിവരങ്ങളും അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ രണ്ട് പകർപ്പ് വൈദ്യുതി ബോർഡിന്റെ അതത് സെക്ഷൻ ഓഫീസിൽ മൂന്നു മാസത്തിലൊരിക്കൽ കൃഷി ഓഫീസർ തയ്യാറാക്കി നൽകുന്നു. ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ കർഷകരും അടയ്ക്കേണ്ട തുക സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി മൊത്തം തുകയ്ക്കുള്ള ഒരു ഇൻവോയിസും സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പുമടക്കം കൃഷി ഓഫീസറെ ഏൽപ്പിക്കുന്നു. പ്രസ്തുത ഇൻവോയിസും സ്റ്റേറ്റ്മെന്റും ലഭിച്ച് 10 ദിവസത്തിനകം തുക മാറി കൃഷി ഓഫീസിൽ നിന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നു. ഈ നടപടിക്രമമാണ് 1-4-1999 മുതൽ അനുവർത്തിച്ചുപോരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly